"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**നം.റവ-എച്ച് 3/607/2023/റവ** | **റവന്യൂ (എച്ച്) വകുപ്പ്**

**തിരുവനന്തപുരം, 20.01.24**

**സർക്കുലർ**

വിഷയം:- കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും അനുവദിച്ച വായ്പകുടിശ്ശികയ്ക്ക് റവന്യൂ റിക്കവറിയായ ശേഷം ഗഡുക്കൾ അനുവദിക്കുന്നത്- സംബന്ധിച്ച്.

സൂചന:- കേരള ബാങ്ക് സി.ഇ.ഒ. ലഭ്യമാക്കിയ 13.11.2023 ലെ അപേക്ഷ.

കുടിശ്ശിക വായ്പകൾ ഇളവുകളോടെ അവസാനിപ്പിക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, കോംപ്രമൈസ് സെറ്റിൽമെൻറ് പോളിസിയായ റിക്കവറി മാനേജ്മെൻറ് പോളിസി എന്നിങ്ങനെ വിവിധതരത്തിലുള്ള റിക്കവറി നടപടികൾ കേരള ബാങ്കിൽ നിന്നും അനുവദിച്ച വായ്പകളിൽ, കേരള ബാങ്ക് സ്വീകരിക്കാറുണ്ട്. പ്രസ്തുത പദ്ധതികൾ പ്രകാരം വായ്പ ക്രമീകരിക്കാനോ വായ്പ കണക്ക് തീർപ്പാക്കുകയോ ചെയ്യാത്ത 20 ലക്ഷത്തിൽ താഴെയുള്ള വായ്പകളിൽ മറ്റ് റിക്കവറി മാർഗ്ഗങ്ങളൊന്നും ഫലപ്രദമാകാത്ത സാഹചര്യത്തിലാണ് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനായി കേരള ബാങ്ക് അർത്ഥന നൽകുന്നത് .

വായ്പക്കാരൻ വർഷങ്ങളോളം വായ്പ തിരിച്ചടക്കാതെ കുടിശ്ശിക വരുത്തുന്ന സാഹചര്യത്തിൽ ബാങ്കിന്റെ നിഷ്ക്രിയാസ്തി ക്രമാതീതമായി വർദ്ധിയ്ക്കുന്നു.അക്കാരണത്താൽ തന്നെ ബാങ്ക് റവന്യു റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിൻമേൽ വിണ്ടും 2-ഉം 3-ഉം 4-ഉം വർഷങ്ങൾ മാസത്തവണകളനുവദിയ്ക്കുമ്പോൾ ബാങ്കിന് ടി ബാധ്യത യഥാസമയം തീർപ്പാക്കാൻ കഴിയില്ലെന്ന് മാത്രമല്ല വായ്പക്കാരനുമായുള്ള കരാർ ലംഘനത്തിനിടയാക്കുകയും ചെയ്യുന്നു. തുടർന്ന് വായ്പക്കാരുടെ ബാധ്യത ക്രമാതീതമായി വർദ്ധിക്കുകയും അവർക്ക് വായ്പകൾ തിരിച്ചടയ്ക്കുന്നതിനോ, മറ്റ് നടപടികൾ മുഖേന ബാങ്കിന് ഈടാക്കുന്നതിനോ കഴിയാതെ വരികയും ജാമ്യവസ്തുവിന്റെ വാല്യുവേഷനെപ്പോലും അധികരിയ്ക്കുന്ന രീതിയിൽ വായ്പാ തുക വർദ്ധിയ്ക്കുന്നതിനുപോലും ഇടവരുത്തുന്നതാണ്. തത്ഫലമായി ബാങ്കിന്റെ റഗുലേറ്റിംഗ് അതോറിറ്റികളായ റിസർവ്വ് ബാങ്കും, നബാർഡും നിഷ്കർഷിച്ചിരിയ്ക്കുന്ന രീതിയിൽ നിഷ് ക്രിയാസ്തിയിൽ കുറവ് വരുത്തുവാൻ കഴിയാത്തസാഹചര്യം സംജാതമാകുന്ന അവസ്ഥയുണ്ട്. ആയതിനാൽ തിരിച്ചടവിനായി തവണകൾ അനുവദിക്കുന്നത് പരമാവധി ഒഴിവാക്കണമെന്നും ഒഴിവാക്കാനാവാത്ത സാഹചര്യത്തിൽ നാമമാത്രമായ വാസസ്ഥലം സ്ഥിതിചെയ്യുന്നതും, വേർതിരിച്ച വിൽപന നടത്തുന്നതിന് സാദ്ധ്യമല്ലാത്തതുമായ ജാമ്യ വസ്തുക്കൾക്ക് മാത്രം പരമാവധി 6 മുതൽ 8 വരെ തവണകൾ അനുവദിയ്ക്കുന്നത് പരിഗണിക്കുന്നതോടൊപ്പം തന്നെ 10 ലക്ഷത്തിന് മേൽ വായ്പയെടുക്കുകയും മനഃപൂർവ്വം വീഴ്ച വരുത്തുകയും ചെയ്യുന്നവർക്ക് തവണകൾ അനുവദിയ്ക്കാത്തതുമായ സമീപനം സ്വീകരിയ്ക്കണമെന്ന് കേരള ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. കേരള ബാങ്കിൽ നിന്നും അനുവദിച്ച വായ്പ കുടിശ്ശികയായ ശേഷം KRR ACT പ്രകാരം റവന്യൂ റിക്കവറി ആയ കേസുകളിൽ ,ഗഡുക്കൾ അനുവദിക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് തികച്ചും അർഹമായ അപേക്ഷകളിൽ പരമാവധി 6 മുതൽ 8 തവണ വരെ മാത്രം തവണ അനുവദിക്കാവുന്നതാണ്. 10 ലക്ഷത്തിന് മുകളിൽ വായ്പയെടുത്തിട്ടുള്ളവർക്ക് തവണ വ്യവസ്ഥ അനുവദിക്കേണ്ടതില്ലായെന്നും നിർദ്ദേശം നൽകുന്നു.

**ചിത്ര.കെ.ദിവാകരൻ**
**ഡെപ്യൂട്ടി സെക്രട്ടറി**

ഉത്തരവിൻ പ്രകാരം

Signed by

Misha.C.P

Date :20-01-2024 15:04:05

സെക്ഷൻ ഓഫീസർ.

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
കേരള സഹകരണ ബാങ്ക് സി.ഇ.ഒ.
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
റവന്യൂ (എസ്) വകുപ്പ്
വെബ്& ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി